(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ടഷറികളിൽനിന്ന് നൽകുന്ന 45 സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടഷറികളിൽ നിന്ന് നൽകുന്ന പ്രധാനപ്പെട്ട എല്ലാ സേവനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങളും അവ നൽകുന്നതിനുള്ള സമയ പരിധിയും ഉൾപ്പെടെ എല്ലാ വിശദാംശങ്ങളും അടങ്ങിയ ബോർഡുകൾ എല്ലാ ടഷറികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ടഷറി വകുപ്പിലെ വിവിധ തലത്തിലുള്ള ജീവനക്കാർക്ക് ഘട്ടംഘട്ടമായി IMG മുഖാന്തരം സേവനാവകാശ നിയമം സംബന്ധിച്ചുള്ള ട്രെയിനിംഗ് നൽകിവരികയാണ്.

(ബി) നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മികച്ച സേവനം ഇടപാടുകാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി എല്ലാ ടഷറികളിൽനിന്നും മാസാവലോകന റിപ്പോർട്ട് ലഭ്യമാക്കി വിലയിരുത്തുന്നുണ്ട്.

പരിസ്ഥിതി വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ

67 (3171) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും പരിസ്ഥിതി വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി പരിസ്ഥിതി വകുപ്പിന് വേണ്ടി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ടഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻവഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്നതിന് 2011-12-ൽ പ്രഖ്യാപിച്ച കരിമുകോണം മേച്ചിറക്കുളം പദ്ധതി 2014-15-ലും, 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച നഗരപരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതി 2015-ലും പൂർത്തിയാക്കി. കൂടാതെ 2014-15-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിൽ പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്ന പദ്ധതിക്ക് സംസ്ഥാന വിഹിതമായി 3 കോടി രൂപ പ്രഖ്യാപിച്ചതിൽ ഒരുകോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പദ്ധതി ആരംഭിക്കുന്നതിന് ബോർഡ് Expression of Interest (EoI) ക്ഷണിച്ചിരുന്നു. ഇതിന് 3 ഏജൻസികൾ താല്പര്യം അറിയിച്ചിരുന്നെങ്കിലും പ്രസ്തുത ഏജൻസികൾ എൻവയോൺമെന്റൽ ക്ലിയറൻസ് ഹാജരാക്കാത്തതിനാൽ ഫണ്ട് വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ജൈവ വൈവിധ്യ സംരക്ഷണം എന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(സി) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് 2013-14-ൽ മുപ്പത് ലക്ഷം രൂപ 3435-04-104-97 എന്ന ശീർഷകത്തിൽ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

ഈടില്ലാതെ വിദ്യാഭ്യാസ വായ്പ

68 (3172) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈടില്ലാതെ വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനായി ബാങ്ക് സാമ്പത്തിക സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റുഡന്റ്സ് ലോൺ ഗ്യാരണ്ടി ഫണ്ട് സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) വായ്പ എടുത്ത വിദ്യാർത്ഥികൾക്കോ, ബാങ്കുകൾക്കോ പ്രസ്തുത ഫണ്ടിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly